വയോജന ക്ഷേമത്തിന് സമഗ്രനയം: മുഖ്യമന്ത്രി

തിരുവനന്തപുരം: വയോജന ക്ഷേമത്തിന് സമഗ്രമായ നയം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രവാസി മലയാളികളായ വിദഗ്ദ്ധ ഡോക്ടർമാരുമായുള്ള കൂടിക്കാഴ്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. പ്രായാധിക്യമുള്ളവർ തനിച്ച് താമസിക്കുന്ന വീടുകളിൽ ദിവസവും വോളന്റിയർമാർ സന്ദർശിക്കുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വയോജനങ്ങൾക്കായി പകൽ വീടുകൾ ഒരുക്കാനും ഉദ്ദേശിക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് ആരോഗ്യപരിശോധന ഉറപ്പാക്കും. കാൻസർ രോഗികളുടെ പട്ടിക തയാറാക്കാനും കാലാകാലങ്ങളിൽ പുതുക്കാനും നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇ. ശ്രീധരനും ഡോ. കൃഷ്ണൻ നായർക്കും ലയൺസ് എക്സലൻസ് അവാർഡ്

തിരുവനന്തപുരം: വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിച്ചവർക്ക് ലയൺസ് ക്ലബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എ എക്സലെൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. ഡി.എം.ആർ.സി മുൻ എം.ഡി ഇ. ശ്രീധരൻ, ആർ.സി.സി സ്ഥാപക ഡയറക്ടർ ഡോ. എം. കൃഷ്ണൻ നായർ, ഗായകൻ കാവാലം ശ്രീകുമാർ, സാമൂഹ്യ പ്രവർത്തകൻ ഡോ. സ്റ്റാൻലി ജോൺസ് എന്നിവർക്കാണ് അവാർഡുകൾ. ഇന്ന് വൈകിട്ട് 6ന് ഹോട്ടൽ എസ്.പി ഗ്രാൻഡ് ഡേയ്സിൽ നടക്കുന്ന ചടങ്ങിൽ ലയൺസ് ക്ലബ് ഇന്റർനാഷണൽ മുൻ ഡയറക്ടർ വി.വി. കൃഷ്ണറെഡ്ഡി അവാർഡുകൾ നൽകുമെന്ന് ലയൺസ് ഡിസ്ട്രിക്ട് 318 എ ഗവർണർ കെ. സുരേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. കെ.പി. വിജയകുമാർ, സി. കെ. ജയചന്ദ്രൻ, ജെ. കെ. സേതുമാധവൻ, എ. കെ. ഷാനവാസ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

സർവേ സ്റ്റാഫ് അസോ.സമ്മേളനം

തിരുവനന്തപുരം: സർവേ ഫീൽഡ് സ്റ്റാഫ് അസോസിയേഷൻ സമ്മേളനം 16, 17, 18 തീയതികളിൽ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ഹാളിൽ നടക്കുമെന്ന് ജോയിന്റ് കൗൺസിൽ സംസ്ഥാന ചെയർമാൻ, അസോസിയേഷൻ ഭാരവാഹികളായ കെ. നരേഷ്കുമാർ, ആർ. അശോക് കുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കേരള സർവകലാശാലയിൽ നിന്ന് മലയാളത്തിൽ പി എച്ച്.ഡി നേടിയ ഹരികൃഷ്ണൻ. ആറ്റിങ്ങൽ ചെമ്പൂര് ഗോകുലത്തിൽ ഡോ. ബി. സുധാകരൻ പിള്ളയുടെയും പി. ലീലാമ്മയുടെയും മകനും കേരള യൂണിവേഴ്സിറ്റി മലയാളം ലെക്സിക്കണിലെ ഉദ്യോഗസ്ഥനുമാണ്. ഭാര്യ: പാർവതി.

അഭയ കേസ്
പിഴവുകൾക്ക് മുന്നിൽ ഉദ്യോഗസ്ഥർ പതറി

സിസ്റ്റർ അഭയ

തിരുവനന്തപുരം: സിസ്റ്റർ അഭയ കേസിലെ പിഴവുകൾ കോടതി ചൂണ്ടിക്കാണിച്ചപ്പോൾ വ്യക്തമായ വിശദീകരണം നൽകാനാകാതെ അന്വേഷണ ഉദ്യോഗസ്ഥൻ പതറി.

കഴിഞ്ഞ തവണ കേസ് പരിഗണിച്ചപ്പോൾ അന്തിമ റിപ്പോർട്ടിലെ ചില പരാമർശങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് കോടതി പ്രോസിക്യൂട്ടറോട് ആവശ്യപ്പെട്ടിരുന്നു. കോടതിയുടെ സംശയങ്ങൾ ദൂരീകരിക്കാൻ എത്തിയ അന്വേഷണ ഉദ്യോഗസ്ഥനായ വി. ദേവരാജനാണ് കോടതിയുടെ ചോദ്യങ്ങൾക്ക് മുന്നിൽ പതറിയത്.

അഭയയുടെ പോസ്റ്റ്മോർട്ടം നടത്തിയ ഡോ. രാധാകൃഷ്ണന് മുൻ ക്രൈംബ്രാഞ്ച് എസ്.പി കെ.ടി. മൈക്കിളുമായി അടുത്ത സൗഹൃദം ഉള്ളതായി ദേവരാജന്റെ അന്തിമ റിപ്പോർട്ടിലുണ്ട്. ഏതെങ്കിലും മൊഴിയെ അടിസ്ഥാനമാക്കിയാണോ ഈ പരാമർശമെന്ന കോടതി ചോദ്യത്തിന് ഉത്തരം നൽകാനാകാതെ കുഴങ്ങിയ അന്വേഷണ ഉദ്യോഗസ്ഥൻ മുൻ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ ഗോപിനാഥൻ ഇങ്ങനെ പറഞ്ഞിട്ടുണ്ടെന്ന് കോടതിയെ അറിയിച്ചു. തുടർന്ന് ഗോപിനാഥന്റെ മൊഴി വായിച്ചപ്പോൾ അതിൽ അപ്രകാരം ഇല്ലായിരുന്നു. ഓർമ്മയിൽ നിന്നാണ് ഇത് പറഞ്ഞതെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ മറുപടി കോടതിയെ ചൊടിപ്പിച്ചു. ഓർമ്മയിൽ നിന്നല്ല രേഖകളിൽ നിന്നാണ് മറുപടി വേണ്ടതെന്ന് കോടതി വ്യക്തമാക്കി.

അഭയ കേസിന്റെ അന്വേഷണ ഘട്ടത്തിൽ എത്ര നാൾ കെ.ടി. മൈക്കിൾ ക്രൈംബ്രാഞ്ചിന്റെ ചുമതലയിൽ ഉണ്ടായിരുന്നു എന്ന് പോലും പറയാൻ ദേവരാജന് കഴിഞ്ഞില്ല. അഭയക്കേസിന്റെ തൊണ്ടിമുതലുകൾ മാത്രം നശിപ്പിച്ചത് എന്തുകൊണ്ട് അന്വേഷിച്ചില്ലെന്ന ചോദ്യത്തിനും മറുപടി നൽകാൻ സി.ബി.ഐക്ക് ആയില്ല. തുടരന്വേഷണ ഹർജികളിൽ ഈ മാസം 17ന് കോടതി വിധി പറയും.

കെ. ടി. മൈക്കിൾ അടക്കമുള്ളവരെ പ്രതിയാക്കണമെന്ന ജോമോൻ പുത്തൻപുരയ്ക്കലിന്റെയും, ആർ. ഡി.ഒ ഓഫീസിലെ ഉദ്യോഗസ്ഥർ അടക്കമുള്ളവരെ പ്രതിയാക്കണമെന്ന കെ.ടി. മൈക്കിളിന്റെയും ഹർജികളാണ് കോടതി പരിഗണിച്ചത്.

ഇ.പി.എഫ് പെൻഷൻ പദ്ധതി പരിഷ്കാരത്തിന് സമിതിയായി

ന്യൂഡൽഹി: എംപ്ലോയ്മെന്റ് പ്രൊവിഡന്റ് ഫണ്ട് പെൻഷൻ സ്കീം പദ്ധതിയിൽ വരുത്തേണ്ട മാറ്റങ്ങൾ പരിഗണിക്കാൻ കേന്ദ്ര സർക്കാർ ഉന്നതാധികാര സമിതിയെ നിയമിച്ചു. തൊഴിൽ മന്ത്രാലയം അഡിഷണൽ സെക്രട്ടറി ഹീരാലാൽ സമര്യ അദ്ധ്യക്ഷനായ സമിതിയിൽ പ്രൊവിഡന്റ് ഫണ്ട് കമ്മിഷണർ വി.പി. ജോയ്, മന്ത്രാലയം ജോയിന്റ് സെക്രട്ടറി ആർ.കെ. ഗുപ്ത, രവിവിഗ് (പി.എച്ച്.ഡി.സി.സി.ഐ), വ്രിജേഷ് ഉപാദ്ധ്യായ് (ബി.എം.എസ്) എന്നിവരുമുണ്ട്. ഒരംഗത്തെക്കൂടി കമ്മിറ്റിക്ക് ഉൾപ്പെടുത്താം. ഇ.പി.എഫ് കേന്ദ്ര കാര്യാലയത്തിലെ പെൻഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് കമ്മിഷണർ കൺവീനറായിരിക്കും.

എൻ. കെ. പ്രേമചന്ദ്രൻ എം.പി ലോക്സഭയിൽ അവതരിപ്പിച്ച സ്വകാര്യ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് സമിതി രൂപീകരിച്ചത്. എം.പിയുമായി ചർച്ച ചെയ്യണമെന്ന് സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെൻഷന് യഥാർത്ഥ ശമ്പളം പരിഗണിക്കുക, ക്ഷാമബത്തയുമായി ബന്ധപ്പെടുത്തി പെൻഷൻ പരിഷ്കരിക്കുക, മിനിമം പെൻഷന് കുറഞ്ഞത് 3650 ഹാജർ നിബന്ധന പിൻവലിക്കുക, കമ്മ്യൂട്ടേഷൻ ആനുകൂല്യം പുനഃസ്ഥാപിക്കുക, മരണാനന്തര ആനുകൂല്യം പുനഃസ്ഥാപിക്കുക, എല്ലാ പെൻഷൻകാർക്കും ഇ.എസ്.ഐ മെഡിക്കൽ ആനുകൂല്യം, പെൻഷൻ പദ്ധതിയിലെ കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക എന്നിവയാണ് സമിതിക്കു മുന്നിലുള്ള ആവശ്യങ്ങൾ.

നിയമസഭാ സമിതി യോഗം 17ന്

തിരുവനന്തപുരം: മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച കേരള നിയമസഭാ സമിതി, 17ന് രാവിലെ 11ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സി.കെ. നാണു എം. എൽ. എയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും ലഭിച്ച ഹർജികളിൽ ഹർജിക്കാരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കും. യോഗത്തിൽ ബഹുജനങ്ങൾക്കും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾക്കും പങ്കെടുത്ത് പരാതികളും നിർദേശങ്ങളും സമർപ്പിക്കാം. യോഗാനന്തരം സമിതി ജില്ലയിലെ വൃദ്ധസദനം സന്ദർശിക്കുകയും അന്തേവാസികളും ജീവനക്കാരുമായി ആശയവിനിമയം നടത്തുകയും ചെയ്യും.

ഈ പൊലീസ് സ്റ്റേഷനിൽ ഇനി ഞായറാഴ്ച ഡോക്ടർ

KAUMUDI SPECIAL

- ചികിത്സയ്ക്ക് 14ന് തുടക്കം
- രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ
- ഒരു ദിവസം 30 ടോക്കൺ

ഒ.സി. മോഹൻരാജ്

ഞായറാഴ്ചകളിൽ ക്ലിനിക്കായി മാറുന്ന കണ്ണൂർ ടൗൺ സ്റ്റേഷനിലെ ശിശുസൗഹൃദ മുറി

കണ്ണൂർ: കുഞ്ഞിനൊരു അസുഖം വന്നാൽ ആശുപത്രിയിലേക്ക് പാഞ്ഞെത്തിയാലും ഞായറാഴ്ച വിദഗ്ദ്ധ ഡോക്ടറെ കാണാൻ കിട്ടില്ല.

കണ്ണൂരുകാർക്ക് ഇനി അങ്ങനെ ഒരു ആധി വേണ്ട.

നേരെ കണ്ണൂർ ടൗൺ പൊലീസ് സ്റ്റേഷനിലെത്തിയാൽ മതി. അവിടെ ശിശുരോഗവിദഗ്ദ്ധൻ ഉണ്ടാകും. ഫീസില്ല. സൗജന്യ ചികിത്സ.

ഞായറാഴ്ചകളിൽ മാത്രമല്ല, പൊതു അവധി ദിവസങ്ങളിലും സ്റ്റേഷനിൽ ഡോക്ടറുണ്ടായിരിക്കും. ഇന്ത്യൻ അക്കാഡമി ഒഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെയാണ് ടൗൺ പൊലീസ് സംസ്ഥാനത്ത് തന്നെ ആദ്യത്തെ സ്റ്റേഷൻ ക്ലിനിക്കിന് തുടക്കമിടുന്നത്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി 14ന് രാവിലെ ഉദ്ഘാടനം നിർവഹിക്കും.

ടൗൺ പൊലീസ് സ്റ്റേഷനിൽ ഇതിനിടെ തുറന്ന ശിശുസൗഹൃദ മുറിയാണ് ക്ലിനിക്കായി മാറുക. ഇവിടെ ചുമരിൽ കാർട്ടൂൺ ചിത്രങ്ങളടക്കമുണ്ട്. സൗജന്യസേവനത്തിന് 14 ശിശുരോഗവിദഗ്ദ്ധർ സന്നദ്ധരായിട്ടുണ്ട്. ഒരു ഞായറാഴ്ച ഒരു ഡോക്ടറാണെങ്കിൽ അടുത്ത ആഴ്ച മറ്റൊരു ഡോക്ടർ.

> "സ്വന്തം അനുഭവം തന്നെയാണ് സ്റ്റേഷനിൽ ഇങ്ങനെയൊരു ചികിത്സാമുറി തുടങ്ങാനുണ്ടായ പ്രേരണ. ഒരു ഞായറാഴ്ച മകൾക്ക് സുഖമില്ലാതായപ്പോൾ ഡോക്ടറെ തേടി കണ്ണൂർ നഗരം മുഴുവൻ കറങ്ങിയിട്ടും രക്ഷയുണ്ടായില്ല. പനി പിടിച്ച മകളെ ഡോക്ടർ വരുന്നതും കാത്ത് ആ ദിവസം മുഴുവൻ കാഷ്വാലിറ്റിയിൽ കിടത്തേണ്ടിവന്നു. ഇതുപോലുള്ള അനുഭവം മിക്ക രക്ഷിതാക്കൾക്കുമുണ്ടാകും."
>
> ടി.കെ. രത്നകുമാർ
> കണ്ണൂർ ടൗൺ സി.ഐ

വ്യാജ അപ്പീൽ: ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കി

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ബാലാവകാശ കമ്മിഷന്റെ പേരിൽ വ്യാജ അപ്പീൽ തയാറാക്കിയ കേസിൽ മുഖ്യകണ്ണിയെന്ന് സംശയിക്കുന്ന തിരുവനന്തപുരം സ്വദേശി സതികുമാറിന്റെ രേഖാചിത്രം ക്രൈംബ്രാഞ്ച് സംഘം പുറത്തിറക്കി. ഇയാൾ സംസ്ഥാനം വിട്ട് പോകാൻ സാദ്ധ്യതയുണ്ടെന്ന നിഗമനത്തെ തുടർന്നാണ് ലുക്ക് ഔട്ട് നോട്ടീസ് പുറത്തുവിട്ടത്.

വ്യാജ അപ്പീൽ വാർത്ത വന്നയുടനെ ഇയാൾ മുങ്ങി. ഇയാളുടെ മക്കൾക്ക് വേണ്ടി വരെ വ്യാജ അപ്പീൽ തയാറാക്കിയിരുന്നതായി വിവരം ലഭിച്ചു. സംഭവത്തിൽ പൊലീസ് തിരയുന്ന കോൺഗ്രസ് അദ്ധ്യാപക സംഘടനാ നേതാവ് വർഷങ്ങളായി വിധികർത്താക്കളെ വച്ച് ലക്ഷങ്ങൾ നേടിയിട്ടുള്ളതായും പറയുന്നു. സബ് ജില്ലാതലം മുതൽ തന്നെ തിരുവനന്തപുരം അടക്കമുള്ള പല ജില്ലകളിലും ഇയാൾ നിർദ്ദേശിക്കുന്ന വിധികർത്താക്കളാണ് പങ്കെടുത്തിരുന്നത്.

അന്വേഷണം ശക്തമായാൽ വിധികർത്താക്കളും കുടുങ്ങുമെന്നാണ് അറിയുന്നത്. തിരുവനന്തപുരം കലോത്സവത്തിൽ തലേ ദിവസം അയോഗ്യരാക്കപ്പെട്ടവർ മറ്റ് ജില്ലകളിൽ വിധികർത്താക്കളായി പങ്കെടുത്തിരുന്നുവോയെന്നും പരിശോധിച്ചേക്കും. ഇതിനിടെ സി.ബി.എസ്.ഇ കലോത്സവത്തിൽ നടന്ന വ്യാജ അപ്പീലുമായി ബന്ധപ്പെട്ട് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പി.എൻ. ഉണ്ണിരാജൻ അറിയിച്ചു.

ആവാസ് ഇൻഷ്വറൻസ് പദ്ധതിക്കെതിരെ ഹർജി

കൊച്ചി: അന്യ സംസ്ഥാന തൊഴിലാളികൾക്കു വേണ്ടിയുള്ള ആവാസ് ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ഐ.ഡി കാർഡ് ഉണ്ടാക്കുന്നതിനെതിരായ ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. കോഴിക്കോട് ആസ്ഥാനമായുള്ള ജസ്റ്റിഷ്യ എന്ന സംഘടന നൽകിയ ഹർജിയിൽ എതിർ കക്ഷികളായ സംസ്ഥാന സർക്കാരിനും തൊഴിൽവകുപ്പ് അഡി. ചീഫ് സെക്രട്ടറിക്കും നോട്ടീസ് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

തിരിച്ചറിയൽ കാർഡിനുവേണ്ടി അന്യസംസ്ഥാന തൊഴിലാളികളുടെ വിരലടയാളങ്ങളുൾപ്പെടെയുള്ള ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാൻ നിർദ്ദേശിച്ച് ഒക്ടോബർ 27ന് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇൻഷ്വറൻസ് പദ്ധതിക്കു പുറമേ ഒരു ആനുകൂല്യവും നൽകാതെ അന്യസംസ്ഥാന തൊഴിലാളികളുടെ ഇത്തരം വിവരങ്ങൾ ശേഖരിക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ഹർജിയിൽ ആരോപിക്കുന്നു.

എൻഡോസൾഫാൻ സമരം വീണ്ടും സെക്രട്ടേറിയറ്റ് പടിക്കലേക്ക്

തിരുവനന്തപുരം: കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരായ അമ്മമാരും കുട്ടികളും സെക്രട്ടേറിയറ്റ് നടയിൽ വീണ്ടും സമരത്തിനൊരുങ്ങുന്നു. സുപ്രീം കോടതി പ്രഖ്യാപിച്ച ആശ്വാസധനം നൽകുന്നില്ലെന്നാരോപിച്ച് ദുരിതബാധിതർ 30 ന് സമരം നടത്തുമെന്ന് ഭാരവാഹികളായ അമ്പലത്തറ കുഞ്ഞികൃഷ്ണൻ, എം. ഷാജർഖാൻ, സീറ്റാ ദാസൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതരായ 5848 പേർക്ക് 2017 ഏപ്രിൽ 30 ന് മുമ്പ് 5 ലക്ഷം രൂപ വീതം സഹായധനം നൽകണമെന്ന് സുപ്രീം കോടതി വിധിച്ചിരുന്നു. ദുരിത ബാധിരരുടെ കടങ്ങൾ എഴുതിത്തള്ളുമെന്ന ഉറപ്പും പാലിച്ചിട്ടില്ല. സമരത്തിൽ ഒപ്പമുണ്ടായിരുന്ന ഇടതുമുന്നണി സർക്കാർ ഇതിൽ വീഴ്ച വരുത്തുമ്പോൾ സമരമല്ലാതെ മറ്റ് മാർഗമില്ലെന്നും ഭാരവാഹികൾ പറഞ്ഞു.

വിളംബരം

ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫ് 10, യു.ഡി.എഫ് 5 സീറ്റുകൾ നേടി

തിരുവനന്തപുരം: വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 15 തദ്ദേശസ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫ് 10ഉം യു.ഡി.എഫ് 5ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും രണ്ട് നഗരസഭ വാർഡുകളിലും ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്.

ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്) ഒഴിവ്

തിരുവനന്തപുരം: കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്ററിൽ ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്)ന്റെ സ്ഥിര നിയമന ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഡയറക്ടർ, നാറ്റ്പാക്, ശാസ്ത്രഭവൻ, പട്ടം പാലസ്, തിരുവനന്തപുരം-4 വിലാസത്തിൽ 18 ന് മുൻപ് സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക്: www.natpac.kerala.gov.in

അദ്ധ്യാപക സ്ഥലം മാറ്റം: അപേക്ഷ 25 വരെ

തിരുവനന്തപുരം: സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർ സംസ്ഥാന സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ 2017 മാർച്ച് 31ന് അഞ്ച് വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർ 25 വൈകിട്ട് അഞ്ചിന് മുമ്പ് അപേക്ഷ സമർപ്പിക്കണം. അപേക്ഷയുടെ മാതൃക www.education.kerala.gov.inൽ.

വിമുക്ത ഭടന്മാർക്ക് ജോലി

തിരുവനന്തപുരം: ജില്ലാ സൈനികക്ഷേമ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്ത ഭടന്മാർ, സ്വകാര്യ സ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകളിൽ ജോലി ചെയ്യാൻ താത്പര്യമുണ്ടെങ്കിൽ സൈനിക ക്ഷേമ ഓഫീസിൽ വിവരങ്ങൾ നൽകണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

ഒ.ബി.സി പ്രൊഫഷണലുകൾക്ക് സഹായം

സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ ഒ. ബി. സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങാൻ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന വായ്പാ പദ്ധതിയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ 16 ന് ആരംഭിക്കുമെന്ന് കോർപറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

പദ്ധതി പ്രകാരം പരമാവധി 10 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കും. ഗ്രാമപ്രദേശത്ത് 98,000 രൂപ വരെയും നഗരപ്രദേശത്ത് 1,20,000 രൂപ വരെയും വാർഷിക വരുമാനമുള്ളവർക്ക് 5 ലക്ഷം രൂപ വരെ 6 ശതമാനം പലിശ നിരക്കിലും അതിനുമുകളിൽ 10 ലക്ഷം രൂപവരെ 7 ശതമാനം പലിശ നിരക്കിലുമാണ് നൽകുന്നത്. തിരിച്ചടവ് കാലയളവ് 84 മാസം വരെ.

അപേക്ഷകൻ സംസ്ഥാനത്തെ ഒ. ബി. സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ ((MBBS, BDS, BAMS, B.Tech, BHMS മുതലായവ) വിജയകരമായി പൂർത്തീകരിച്ച 40 വയസ്കവിയാത്തവരുമായിരിക്കണം. ഈ മാസം 25 ആണ് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി.

തിരുവനന്തപുരം

വാക്ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രോജക്ട് അസിസ്റ്റന്റ് (ഒന്ന്), ജൂനിയർ മെഡിക്കൽ ഓഫീസർ (രണ്ട്), റിസർച്ച് നഴ്സ് (രണ്ട്) എന്നീ താത്കാലിക ഒഴിവുകളിലേക്ക് 24ന് രാവിലെ 9ന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾ www.sctimst.ac.in ൽ.

കളക്ടറേറ്റിൽ ഇന്റേൺഷിപ്പിന് അപേക്ഷിക്കാം

സാമൂഹ്യപ്രവർത്തനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ താത്പര്യമുള്ള ബിരുദ വിദ്യാർത്ഥികൾ അല്ലെങ്കിൽ ബിരുദധാരികൾക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ ഡോ. കെ. വാസുകി നേതൃത്വം നൽകുന്ന ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാം. മൂന്ന് മാസമാണ് കാലാവധിയെങ്കിലും ആറ് മാസം വരെ ദീർഘിപ്പിക്കാവുന്ന രീതിയിലാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ കളക്ടറുടെ ഓഫീസുമായി ബന്ധപ്പെട്ട വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കേണ്ടത്.

അതത് രംഗത്തെ വിദഗ്ദ്ധർ പരിശീലനവും മാർഗനിർദ്ദേശങ്ങളും നൽകും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. സ്റ്റൈപെൻഡ് ലഭിക്കില്ല.

ബിസിനസ് മാനേജ്മെന്റ്, സോഷ്യൽ വർക്ക്, സോഷ്യൽ എന്റർപ്രണർഷിപ്പ് എന്നിവയിൽ ബിരുദമുള്ളവർക്ക് മുൻഗണന ലഭിക്കും. എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുക്കുക.

ജില്ലാ കളക്ടർ, കളക്ടറേറ്റ്, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന വിലാസത്തിൽ 20ന് മുൻപായി ബയോഡേറ്റ സഹിതം അപേക്ഷിക്കണം. കവറിന് പുറത്ത് District Collector's Internship Programme എന്ന് എഴുതണം.

ബോർഡ് ഒഫ് ഡി.ഫാം പരീക്ഷ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 2017 ജൂലായിൽ നടത്തിയ ഡിഫാം പാർട്ട് ഒന്ന് സപ്ലിമെന്ററി പരീക്ഷയുടെ പുനർമൂല്യ നിർണയ ഫലം പ്രസിദ്ധപ്പെടുത്തി. വിശദ വിവരങ്ങൾ www.dme.kerala.gov.in ൽ നിന്നും വിവിധ ഫാർമസി കോളേജുകളിൽ നിന്നും ലഭിക്കും.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

പുതുക്കിയ പരീക്ഷാതീയതി

ജനുവരി 15 ന് നടത്താനിരുന്ന പരീക്ഷകളുടെ പുതുക്കിയ തീയതിയും വിശദവിവരങ്ങളും വെബ്സൈറ്റിൽ. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

സൂക്ഷ്മപരിശോധന

പത്താം സെമസ്റ്റർ ബി.എ/ബികോം/ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ 12 മുതൽ 20 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തിരിച്ചറിയൽ രേഖയും ഹാൾ ടിക്കറ്റുമായി പുനഃപരിശോധനാ വിഭാഗത്തിൽ ((EJ I Section) എത്തിച്ചേരണം.

പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ ബികോം ടാക്സ് പ്രൊസീജിയർ ആൻഡ് പ്രാക്ടീസ് (സപ്ലിമെന്ററി 2013, 2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫെബ്രുവരി ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ ബി.എ ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് വീഡിയോ പ്രൊഡക്ഷൻ, ബികോം ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് (2013 & 2014 സ്കീം) (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

ബി.എസ്‌സി ഫലം

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്‌സി സപ്ലിമെന്ററി (2013 & 2014 അഡ്മിഷൻ മാത്രം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 30.

2018 കെ-മാറ്റ് പരീക്ഷാ അപേക്ഷ

സർവകലാശാലയുടെ ആഭിമുഖ്യത്തിലും മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന എം.ബി.എ പ്രവേശന പരീക്ഷയായ കെമാറ്റ് കേരള 2018 ഫെബ്രുവരി നാലിന്റെ പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ 27 മുതൽ ഡൗൺലോഡ് ചെയ്യാം. അപേക്ഷകൾ സമർപ്പിക്കുന്നതിന് kmatkerala.in സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 19. ഫോൺ: 0471 2335133, 8547255133. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ന്യൂസ് ലിങ്കിൽ.

സീറ്റൊഴിവ്

സർവകലാശാലയിലെ സെന്റർ ഫോർ ട്രാൻസ്ലേഷൻ ആൻഡ് ട്രാൻസ്ലേഷൻ സ്റ്റഡീസ് നടത്തുന്ന ഒരു വർഷ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് കോഴ്സിന് ജനറൽ വിഭാഗത്തിലും എസ്.സി, എസ്.ടി വിഭാഗത്തിലും സീറ്റുകൾ ഒഴിവുണ്ട്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ന്യൂസ് ലിങ്കിൽ.

എം.ഫിൽ ഫലം

2016-17 ബാച്ച് (സി.എസ്.എസ്) എം.ഫിൽ ഫോട്ടോണിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കാലിക്കറ്റ്
www.universityofcalicut.info

പരീക്ഷ

രണ്ടാം സെമസ്റ്റർ എം.ആർക് ഇന്റേണൽ റഗുലർ/സപ്ലിമെന്ററി പരീക്ഷ 22-ന് ആരംഭിക്കും.

മൂന്നാം സെമസ്റ്റർ എം.എഡ് (2015 മുതൽ പ്രവേശനം) റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷ 30-ന് ആരംഭിക്കും.

എം. ബി.എ (സി. യു. സി. എസ്. എസ്) (ഹെൽത്ത് കെയർ മാനേജ്മെന്റ്, ഇന്റർനാഷണൽ ഫിനാൻസ്) ഒന്നാം സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി പരീക്ഷ 29-നും മൂന്നാം സെമസ്റ്റർ റഗുലർ പരീക്ഷ 30-നും ആരംഭിക്കും.

എം.പി.എഡ് ഒന്നാം വർഷ ക്ലാസ്

ഡിപ്പാർട്ടുമെന്റ് ഒഫ് ഫിസിക്കൽ എഡ്യുക്കേഷൻ നടത്തുന്ന 2017 പ്രവേശനം എം. പി. എഡ് ഒന്നാം വർഷ ക്ലാസ് 17-ന് ആരംഭിക്കും. ഫോൺ: 0494 2407547.

പരീക്ഷാ കേന്ദ്രം

രണ്ടാം വർഷ ബി.എ.എം.എസ് സെപ്തംബർ 2017 സപ്ലിമെന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും കോട്ടയ്ക്കൽ വി.പി.എസ്.വി ആയുർവേദ കോളേജിൽ പരീക്ഷയെഴുതണം.

പരീക്ഷാ അപേക്ഷ

ബി.വോക് ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി ~മൂന്നും നാലും സെമസ്റ്റർ റഗുലർ പരീക്ഷയ്ക്ക് 19 വരെ അപേക്ഷിക്കാം. മൂന്നാം സെമസ്റ്റർ പരീക്ഷ 30-ന് ആരംഭിക്കും.

വിദൂരവിദ്യാഭ്യാസം ഹോട്ടൽ മാനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സ് (2015 പ്രവേശനം) പരീക്ഷയ്ക്ക് പിഴകൂടാതെ 20 വരെയും 150 രൂപ പിഴയോടെ 24 വരെയും അപേക്ഷിക്കാം. സാധാരണ ഫോമിലുള്ള അപേക്ഷ, ചെലാൻ സഹിതം ജോയിന്റ് കൺട്രോളർ ഒഫ് എക്സാമിനേഷൻസ്-8, എക്സാമിനേഷൻ-ഡിസ്റ്റൻസ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഒഫ് കാലിക്കറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ, 673635 വിലാസത്തിൽ 24-നകം ലഭിക്കണം.

പുനർമൂല്യ നിർണയ ഫലം

ആറാം സെമസ്റ്റർ ബി.എ/ബി.എസ്. ഡബ്ല്യൂ/ ബി.വി.സി/ ബി.ടി.ടി.എം (സി.യു.സി.ബി.സി.എസ്.എസ്) ഏപ്രിൽ 2017 പരീക്ഷയുടെ പുനർമൂല്യ നിർണയ ഫലം വെബ്സൈറ്റിൽ.

എം.ജി
www.mgu.ac.in

പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ & 2014, 2015, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ 23ന് ആരംഭിക്കും.

പരീക്ഷാഫലം

ആറാം സെമസ്റ്റർ എം. സി.എ (റഗുലർ/ ലാറ്ററൽ എൻട്രി/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സെന്റ് ഗിറ്റ്സ് കോളേജിലെ സൂസൻ വർഗീസ്, രഞ്ജിത്ത് നായർ, അന്ന സൂസൻ മോൻസി എന്നിവർ ലാറ്ററൽ എൻട്രിയിലും കോലഞ്ചേരി ശ്രീനാരായണ ഗുരുകുലം എൻജിനിയറിംഗ് കോളേജിലെ അരുൺ ജോയി, കോതമംഗലം എം.എ. കോളേജ് ഒഫ് എൻജിനിയറിംഗിലെ ബി. അനീഷ്, ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജ് ഒഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിലെ ഫൗസിയ സലിം എന്നിവർ റഗുലർ പരീക്ഷയിലും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

നാലാം സെമസ്റ്റർ ബി.എസ്‌സി മോഡൽ - 3 സൈബർ ഫോറൻസിക് (റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 23 വരെ അപേക്ഷിക്കാം.

പ്രോജക്ട് റിസർച്ച് അസിസ്റ്റന്റ്/ റിസർച്ച് ഫെലോ ഒഴിവ്

ബയോമെഡിക്കൽ ഗവേഷണത്തിനായുള്ള അന്തർസർവകലാശാലാ കേന്ദ്രത്തിൽ പ്രോജക്ട് റിസർച്ച് അസിസ്റ്റന്റുമാരുടെയും പ്രോജക്ട് റിസർച്ച് ഫെലോമാരുടെയും ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ www.iucbr.ac.in ൽ.

വിമുക്ത ഭടന്മാർക്കും വിധവകൾക്കുമുള്ള പെൻഷന് അപേക്ഷിക്കാം

തിരുവനന്തപുരം: 1939 സെപ്തംബർ മൂന്ന് മുതൽ 1946 ഏപ്രിൽ 01 വരെയുള്ള കാലയളവിൽ രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാർക്കും അവരുടെ വിധവകൾക്കും സംസ്ഥാന സർക്കാർ നൽകി വന്നിരുന്ന പ്രതിമാസ ധനസഹായം 6000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. മറ്റ് പെൻഷനുകൾ ലഭിക്കാത്തവരും ഇതുവരെ ഈ പെൻഷന് അപേക്ഷിച്ചിട്ടില്ലാത്തവരുമായ രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്തഭടന്മാരും അവരുടെ വിധവകളും തിരുവനന്തപുരം ജില്ലാ സൈനികക്ഷേമ ഓഫീസിൽ എത്രയും വേഗം അപേക്ഷ സമർപ്പിക്കണം.

പി.എസ്.സി
www.keralapsc.gov.in

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 52/2013 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ അക്കൗണ്ടന്റ് തസ്തികയ്ക്ക് 18 ന് തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടക്കും.

ഓൺലൈൻ പരീക്ഷ

കാറ്റഗറി നമ്പർ 2195/2017 പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) ബയോളജി (പട്ടികവർഗക്കാർക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ്) തസ്തികയിലേക്ക് 25 ന് രാവിലെ 10 മണി മുതൽ 12.15 വരെ കോഴിക്കോട് പരീക്ഷാകേന്ദ്രത്തിൽ നടത്തുന്ന ഓൺലൈൻ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റുകൾ ഒ. ടി. ആർ. പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

ഒ.എം.ആർ പരീക്ഷ

കാറ്റഗറി നമ്പർ 216/2016 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സയന്റിഫിക് അസിസ്റ്റന്റ് (ഇലക്ട്രോഡയഗ്നോസ്റ്റിക്) തസ്തികയ്ക്ക് 15 ന് രാവിലെ 7.30 മുതൽ 9.15 വരെയും, പട്ടികജാതി വികസന വകുപ്പിൽ മെയിൽ വാർഡൻ (174/2015, 349/2016, 393/2016-എൻ.സി.എ.-എസ്.സി.), ഫീമെയിൽ വാർഡൻ (93/2015), കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ സ്റ്റോർ കീപ്പർ (5/2017), കെ. എസ്. ആർ. ടി. സി. യിൽ സ്റ്റോർ ഇഷ്യൂവർ ഗ്രേഡ്-2 (377/2016 - എൻ. സി. എ. -ഒ. എക്സ്.), സാമൂഹ്യനീതി വകുപ്പിൽ മേട്രൺ ഗ്രേഡ്-1 (എൻ. സി. എ. -ഒ. ബി. സി.), റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് (348/2017 - പട്ടികവർഗക്കാർക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ്) തസ്തികകൾക്ക് 20 ന് ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെയും നടക്കുന്ന ഒ.എം.ആർ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഒ.ടി.ആർ. പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

അഡ്മിഷൻ ടിക്കറ്റ്

കാറ്റഗറി നമ്പർ 353/2016 പ്രകാരം ജുഡിഷ്യൽ വകുപ്പിൽ പ്രോസസ് സെർവർ (കൊല്ലം, കാസർഗോഡ്), എൻ. സി. എ. -എൽ. സി.- ഇട്ടക്കി (329/2016) തസ്തികകളിലേക്ക് ഫെബ്രുവരി 10 ന് നടക്കുന്ന പൊതു പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് 10.2.2018 ഉച്ചയ്ക്ക് 1.30 വരെ ഡൗൺലോഡ് ചെയ്യാം.

വകുപ്പുതല പരീക്ഷ

സെപ്തംബർ 2017 ലെ ഡിവിഷണൽ അക്കൗണ്ടന്റ് വകുപ്പുതല പരീക്ഷ 29, 30 തീയതികളിൽ രാവിലെ 9 മണി മുതൽ 11.30 പി. എസ്. സി. തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ പരീക്ഷാ ഹാളിൽ നടക്കും. സിലബസും ടൈംടേബിളും കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ. ഉദ്യോഗാർത്ഥികൾ സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റുമായി ഹാജരാകണം.

ഓപ്ഷണൽ വിഷയങ്ങൾ പ്രൊഫൈലിൽ ഉൾപ്പെടുത്തണം

കാറ്റഗറി നമ്പർ 544/2017 പ്രകാരം വനം വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചവർ വിജ്ഞാപനത്തിലെ 8-ാം ഖണ്ഡികയിൽ ചേർത്തിട്ടുള്ള പ്രകാരം ഓപ്ഷണൽ വിഷയങ്ങൾ പ്രൊഫൈലിൽ ഉൾപ്പെടുത്തണം. ഓപ്ഷണൽ വിഷയങ്ങൾ രേഖപ്പെടുത്താതെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ 17 നകം ഓപ്ഷൻ രേഖപ്പെടുത്താത്തപക്ഷം അപേക്ഷകൾ നിരസിക്കുന്നതാണ്.

ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 636/2014 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഇൻസ്ട്രക്ടർ ഗ്രേഡ്-2 / ഡെമോൺസ്ട്രേറ്റർ / ഡ്രാഫ്ട്സ്മാൻ ഗ്രേഡ്-2 തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് 23, 24, 25 തീയതികളിലും, കാറ്റഗറി നമ്പർ 405/2017 പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡിലെ കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജർ തസ്തികയ്ക്ക് 17 നും തിരുവനന്തപുരം പി. എസ്. സി ആസ്ഥാന ഓഫീസിലും വച്ച് ഒറ്റത്തവണ വെരിഫിക്കേഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഒ. ടി. ആർ. പ്രൊഫൈൽ സന്ദർശിക്കുക.